# ഇളനീർ പാർലറുകൾ സജീവം

സ്വന്തം ലേഖകൻ

കൊച്ചി: വേനൽക്കാലം കടുത്തതോടെ ഇളനീർ, ഫ്രൂട്ട്സ് പാർലറുകൾ സജീവമായി. കഴിഞ്ഞവർഷങ്ങളിലെന്നപോലെ ഇത്തവണയും വിപണിയിലെ രാജാവ് തണ്ണിമത്തനും കരിക്കും തന്നെ. തണ്ണിമത്തന്റെ വിലയിൽ കാര്യമായ വർധന ഉണ്ടായിട്ടില്ല, എന്നാൽ കരിക്കിനു വില ഉയർന്നിട്ടുണ്ട്.

നാടൻ തണ്ണിമത്തന് കിലോഗ്രാമിന് എട്ടു രൂപ വരെയായിരുന്നു കഴിഞ്ഞവർഷത്തെ പരമാവധി വില. ഇക്കുറി കിലോയ്ക്ക് എട്ടു മുതൽ പത്തു രൂപ വരെയാണു നിരക്ക്. തമിഴ്നാട്ടിൽ നിന്നെത്തുന്ന പാണ്ടിത്തണ്ണിമത്തനാണ് വില കൂടുതൽ. എങ്കിലും പ്രിയം നമ്മുടെ നാടൻ തണ്ണിമത്തനു തന്നെ. കൂടുതൽ മധുരവും രുചിയുമാണ് നാടനെ പ്രിയങ്കരനായി നിലനിർത്തുന്നത്.

വേനൽ ആരംഭിച്ചതോടെ 70 മുതൽ 90 കിലോ വരെ തണ്ണിമത്തൻ വിറ്റുപോകുന്നതായി കലൂരിൽ വഴിയോര കച്ചവടം നടത്തുന്ന പാലക്കാട് സ്വദേശി രാജേഷ് പറയുന്നു. കഴിഞ്ഞ വർഷം 40 മുതൽ 55 കിലോ വരെ വിൽപ്പന നടത്തിയ സ്ഥാനത്താണിത്. വാഹനങ്ങളിൽ എത്തുന്നവരാണ് കൂടുതലായി ഇത്തരം വഴിയോരകച്ചവടക്കാരുടെ ഇടപാടുകാർ. തണുപ്പും മധുരവുമാണ് വേനൽക്കാലത്തെ ഇഷ്ടവിഭവമാക്കി തണ്ണിമത്തനെ മാറ്റുന്നത്. വേനലായതോടെ തമിഴ്നാട്ടിൽ നിന്നും മറ്റും തണ്ണിമത്തന്റെ വരവ് കൂടിയതായി വ്യാപാരികൾ പറയുന്നു. തണ്ണിമത്തൻ ജ്യൂസിന് ഒരു ഗ്ലാസിന് പത്തു രൂപയാണ് ഈടാക്കുന്നത്.

> സർബത്ത്, സോഡ നാരങ്ങ വെള്ളം എന്നിവയുടെ വിലയിലും വർധനയുണ്ടായിട്ടുണ്ട്. സർബത്തിന് പരമാവധി ഏഴു രൂപ വരെയായിരുന്നു കഴിഞ്ഞ ആണ്ടിൽ. എന്നാൽ ഇക്കുറി അത് ഒൻപതു രൂപവരെ ആയിട്ടുണ്ട്

തണ്ണിമത്തന്റെ പ്രഭാവത്തിനിടയിലും വിപണിയിൽ തിളങ്ങുന്ന താരമാണ് കരിക്ക്. എന്നാൽ കരിക്കിന്റെ വിലയിൽ കാര്യമായ വർധനയുണ്ട്. കഴിഞ്ഞ വേനലിൽ 16 രൂപയായിരുന്ന കരിക്കിന് ഇത്തവണ വിലയൽപ്പം കൂടുതലാണ്. 20-22 രൂപയ്ക്കാണ് ചില്ലറ വിൽപ്പന. പാലക്കാട്ടുനിന്ന് എത്തിക്കുന്ന കരിക്കിന്റെ മൊത്തവില 13 മുതൽ 15 വരെയാണ്. വിലയ്ക്കൊപ്പം വിൽപ്പനയും മുകളിലോട്ടുതന്നെയാണെന്ന് കലൂർ സ്റ്റേഡിയത്തിനു മുന്നിൽ ജ്യൂസ് സ്റ്റാൾ നടത്തുന്ന ആന്റണി ചന്ദ്രശേഖരൻ പറയുന്നു.

ദിവസവും 150-200 കരിക്കുകളാണ് ഇവിടെ വിൽക്കപ്പെടുന്നത്. കരിക്കിന്റെ ലഭ്യത കുറവായതിനാൽ വില ഇനിയും ഉയർന്നേക്കാമെന്നാണ് വിപണി നൽകുന്ന സൂചന. ഇതിനൊപ്പം തമിഴ്നാട്ടിൽ നിന്നു വരുന്ന പനങ്കരിക്കിനും നല്ല ഡിമാൻഡ് ഉണ്ട്.

സർബത്ത്, സോഡ നാരങ്ങവെള്ളം എന്നിവയുടെ വിലയിലും വർധനയുണ്ടായിട്ടുണ്ട്. സർബത്തിന് പരമാവധി ഏഴു രൂപ വരെയായിരുന്നു കഴിഞ്ഞ ആണ്ടിൽ. എന്നാൽ ഇക്കുറി അത് ഒൻപതു രൂപവരെ ആയിട്ടുണ്ട്. ചെറുനാരങ്ങ വിലവർധനയാണ് ഇതിനു കാരണമായി കച്ചവടക്കാർ പറയുന്നത്.

വഴിവക്കിൽ ഉയരുന്ന ഇത്തരം താൽക്കാലിക ഇളനീർ പാർലറുകൾ നിരവധി കുടുംബങ്ങളുടെ അത്താണിയായി മാറുകയാണ്. സ്കൂൾ അടയ്ക്കുന്നതോടെ കുട്ടികളുടെ പെട്ടിക്കടകളും ഉയരും, വേനലിനു നന്ദി പറഞ്ഞുകൊണ്ട്.